## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4978** **04-07-2024 - ൽ മറുപടിയ്ക്ക്**

## കുട്ടനാട്ടിലെ മുട്ടേൽ പാലത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ മുട്ടേൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ മുട്ടേൽ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിനായി 10.07.2017 തീയതിയിലെ G.O(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും, 16.09.2019 തീയതിയിൽ 24.21 കോടി രൂപയ്ക്ക കിഫ്ബിയുടെ സാമ്പത്തിക അനുമതിയും ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറിൽ നിന്നും വെർട്ടിക്കൽ ക്ലിയറൻസിനുള്ള NOC-യും ലഭിച്ചിട്ടുണ്ട്. തുടർന്ന് 15.03.2024 തീയതിയിൽ കിഫ്ബിയുടെ പ്രോജക്ട് അപ്രൈസൽ വിഭാഗം സ്ഥലപരിശോധന നടത്തുകയും 16.04.2024 തീയതിയിൽ കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ചെലവു കുറഞ്ഞ തരത്തിൽ ഡിസൈൻ പുതുക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം 02.05.2024 തീയതിയിൽ ഡിസൈൻ പുതുക്കുന്നതിനും പുതുക്കിയ ഡ്രോയിംഗുകൾ ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ലാൻഡ് അക്വിസിഷൻ നടപടികൾ കഴിഞ്ഞ പ്രസ്തുത പാലത്തിന്റെ ടെൻഡർ നടപടികൾ അടിയന്തരമായി നടത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മുട്ടേൽ പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ലാൻഡ് അക്വസിഷൻ ഓഫീസർക്ക് 08.04.2024 തീയതിയിൽ 6.46 കോടി രൂപ നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം തുടർനടപടികൾ സ്വീകരിക്കാം. |

സെക്ഷൻ ഓഫീസർ